## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 246

10 .03.2017-ൽ മറുപടിയ്ക്ക്

## റവന്യു ഭരണ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ .പി.<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യുവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യു ഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യു വകുപ്പ് കാര്യക്ഷമമാക്കുന്നതിനും, റവന്യു വകുപ്പിൽ സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും, എറണാകുളം ആസ്ഥാനമാക്കി മദ്ധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്നു നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു. കൂടാതെ, വകുപ്പു മേധാവിയായ ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ആഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ കൃത്യമായി പരിശോധിച്ചു വരുന്നുണ്ട്.<br>റവന്യുവകുപ്പ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വില്ലേജാഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അക്ഷയ വഴി നൽകുന്നു. കൂടാതെ, ഓൺലൈൻ പോക്കുവരവ് സിസ്റ്റം റവന്യു വകുപ്പിൽ നടപ്പിലാക്കി വരുന്നു. താലൂക്ക്, വില്ലേജ് തലങ്ങളിൽ നിന്നും ലഭ്യമാകേണ്ട 23-ഓളം സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നു. കൂടാതെ, ഐ. എൽ. ഡി. എം-ൽ റവന്യു ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരവധി പരിശീലന പരിപാടികളും നടത്തി വരുന്നു. |

(ബി) റവന്യൂ മന്ത്രി എല്ലാ ജില്ലകളിലും നടത്തിയ വില്ലേജ് ഓഫീസർമാരുടെ യോഗത്തിന് ശേഷം എന്തൊക്കെ തുടർനടപടികളാണ് ഇത് സംബന്ധിച്ച് സ്വീകരിച്ചതെന്നറിയിക്കുമോ;

(ബി) വില്ലേജ് ഭരണം കാര്യക്ഷമമായി കൊണ്ടു പോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും അടിസ്ഥാന സൗകര്യങ്ങളുടേയും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതകളും ബഹു. റവന്യൂവും ഭവനനിർമ്മാണ വകുപ്പ് മന്ത്രി, വില്ലേജ് ഓഫീസർമാരിൽ നിന്നും നേരിട്ട് കേൾക്കുകയും അവയിൽ അടിയന്തിര പ്രാധാന്യമുള്ളവ ഉടൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തു പരിഹരിക്കുമെന്നും മറ്റുള്ളവ സമയബന്ധിതമായി പരിഹരിക്കുമെന്നും യോഗങ്ങളിൽ തീരുമാനമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിന്മേൽ പരിഹാരം കാണുന്നതിനായി തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഈ സർക്കാർ വന്നശേഷം അഴിമതി ആരോപണങ്ങളുടെ പേരിൽ എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തെന്നും എത്ര പേർക്കെതിരെ നടപടി തുടരുന്നുവെന്നും അറിയിക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഴിമതി ആരോപണങ്ങളുടെ പേരിൽ 54 പേരെ സസ്പെൻഡ് ചെയ്യുകയും 130 ആൾക്കാർക്കെതിരെയുള്ള നടപടി തുടരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ